REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം, പൂജാ അവധിയുടെ ഇടവേളയ്ക്ക് ശേഷം നാളെ വീണ്ടും ചേരും.**
- **കഴിഞ്ഞ ആറ് വർഷങ്ങളിൽ ഇന്ത്യയുടെ തൊഴിൽ ശക്തിയിലേക്ക് 17 കോടിയോളം പേരെ കൂട്ടിച്ചേർത്തതായി തൊഴിൽ മന്ത്രാലയം.**
- **ഈ വർഷത്തെ വയലാർ അവാർഡ് E. സന്തോഷ്കുമാറിന്.**
- **അന്തരിച്ച മാധ്യമ പ്രവർത്തകൻ T J S ജോർജിന്റെ സംസ്കാരം ഉച്ചകഴിഞ്ഞ് ബംഗലൂരുവിലെ ഹെബ്ബാൾ ശ്മശാനത്തിൽ.**
- **ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.**

## വാർത്തകൾ വിശദമായി

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം, പൂജാ അവധിയുടെ ഇടവേളയ്ക്ക് ശേഷം നാളെ വീണ്ടും ചേരും. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും നാളെ നടക്കും.

2025 ലെ മലയാള ഭാഷാ ബിൽ, 2025ലെ കേരള പൊതു സേവനാവകാശ ബിൽ ഉൾപ്പെടെ വിവിധ ബില്ലുകളുടെ അവതരണവും നാളെ സഭയിൽ നടക്കും.

✪✪✪

കേരളത്തിന്റെ കഴിഞ്ഞ കാല വളർച്ച വിലയിരുത്താനും ഭാവിയിലെ വികസന ലക്ഷ്യങ്ങൾ നിശ്ചയിക്കാനും വിഷൻ 2031 എന്ന പേരിൽ ഗവൺമെന്റ് സെമിനാറുകൾ സംഘടിപ്പിക്കും. ഇതിൽ പൊതുവിതരണ വകുപ്പിന്റെ സെമിനാർ അടുത്ത വെള്ളിയാഴ്ച തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടത്തും. ഉച്ചക്ക് ശേഷം കനകക്കുന്ന് ഹാളിൽ തുടർ ചർച്ചകളും ഉണ്ടായിരിക്കും. പൊതുജനങ്ങൾക്ക് വിഷൻ 2031 രേഖയിൽ ഉൾപ്പെടുത്തേണ്ട നിർദേശങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ് ലിങ്കിൽ നൽകാവുന്നതാണ്.

✪✪✪

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ മറ്റന്നാൾ വിതരണം ചെയ്യും. നിയമസഭാ സമുച്ചയത്തിലെ ശങ്കരനാരായണൻതമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടി ഉദ്ഘാടനം ചെയ്യും. കേരള ജൈവ വൈവിദ്ധ്യ പരിപാലന കർമ്മ പദ്ധതി ബോർഡിന്റെ 20 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ചടങ്ങിൽ ഔദ്യോഗികമായി പ്രകാശം ചെയ്യും.

✪✪✪

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ ഇന്ന് പട്നയിൽ എൻഫോഴ്സ്മെന്റ് ഏജൻസി ഉദ്യോഗസ്ഥരുമായി അവലോകനം ചെയ്യും. സംസ്ഥാനത്ത് വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് ബീഹാറിലെത്തിയത് .

✪✪✪

അജ്ഞതയുടെ ഇരുളിനെ അകറ്റി യാഥാർത്ഥ്യങ്ങളെ വരുംതലമുറകൾക്ക് മനസ്സിലാക്കികൊടുക്കുന്ന ഉപാധിയായി ആർട്ട് മ്യൂസിയങ്ങൾ മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കൊല്ലം ആശ്രാമം ശ്രീനാരായണഗുരു സാംസ്കാരികസമുച്ചയത്തിൽ ലളിതകലാ അക്കാദമി സ്ഥാപിച്ച A. രാമചന്ദ്രൻ മ്യൂസിയം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ചിത്രകലയെ പരമ്പരാഗത അതിരുകൾക്കപ്പുറത്തേക്ക് കൊണ്ടുപോയ A. രാമചന്ദ്രനെ സമൂഹത്തിനും കലാപഠിതാക്കൾക്കും മനസ്സിലാക്കാൻ മ്യൂസിയം ഉപകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കഴിഞ്ഞ ആറ് വർഷങ്ങളിൽ ഇന്ത്യയുടെ തൊഴിൽ ശക്തിയിലേക്ക് 17 കോടിയോളം പേരെ കൂട്ടിച്ചേർത്തതായി തൊഴിൽ മന്ത്രാലയം അറിയിച്ചു. ഇതോടെ, 2017-18 ലെ 47 കോടി 50ലക്ഷത്തിന്റെ സ്ഥാനത്ത്, 64 കോടി 33 ലക്ഷമായി തൊഴിൽ ശക്തി വളർന്നു. തൊഴിലില്ലായ്മ നിരക്ക് ആ കാലയളവിലെ ആറ് ശതമാനത്തിൽ 3.2 ആയി താഴുകയും ചെയ്തു. യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് 10.2 ആണ്. ആഗോള തലത്തിൽ 13.3 ശതമാനമാണ് ഇത്. കഴിഞ്ഞ ഏഴ് വർഷങ്ങളിൽ ഒരു കോടി 56ലക്ഷത്തിലേറെ വനിതകൾ ഈ രംഗത്തേക്ക് വന്നത് എടുത്തുപറയേണ്ട പ്രത്യേകതയാണെന്നും തൊഴിൽമന്ത്രാലയം അറിയിച്ചു. സ്വയം തൊഴിൽ സംരംഭങ്ങളുടെ വളർച്ച 58.4 ശതമാനമാണ്.

✪✪✪

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ ഇന്ന് പട്നയിൽ എൻഫോഴ്സ്മെന്റ് ഏജൻസി ഉദ്യോഗസ്ഥരുമായി അവലോകനം ചെയ്യും. സംസ്ഥാനത്ത് വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് ബീഹാറിലെത്തിയത് .

✪✪✪

ലോക അധ്യാപക ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ അധ്യാപകർക്ക് പ്രത്യേക ആദരവ് അർപ്പിക്കുന്ന സൈക്കിൾ യാത്ര, "ഫിറ്റ് ഇന്ത്യ- സൺഡേയ്സ് ഓൺ സൈക്കിൾ' സംഘടിപ്പിച്ചു. ഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ മുഖ്യാതിഥിയായി പങ്കെടുത്തു. അധ്യാപകരും, വിദ്യാർത്ഥികളുമുൾപ്പടെ ജനങ്ങൾ പങ്കെടുത്ത പരിപാടിയിൽ എല്ലാ പൗരന്മാരും ഗുരുക്കന്മാരെ ബഹുമാനിക്കാനും ആരോഗ്യത്തിനും സ്വാശ്രയത്വത്തിനും വേണ്ടി പ്രതിജ്ഞയെടുക്കാനും മാണ്ഡവ്യ അഭ്യർത്ഥിച്ചു.

✪✪✪

കൈത്തറി- കരകൗശല ഉത്പന്നങ്ങളുടെയും, തുണിത്തരങ്ങളുടെയും ആഭ്യന്തര ആവശ്യകത വർദ്ധിപ്പിക്കാൻ ടെക്സ്റ്റയിൽസ് മന്ത്രാലയം സ്വദേശി ക്യാമ്പയിനിന് അടുത്ത ആറ് മുതൽ ഒൻപത് മാസം വരെ പ്രചാരണ പരിപാടി സംഘടിപ്പിക്കും. പുതുതലമുറയിൽ തദ്ദേശീയ വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കാനും, ഫാഷന്റെയും, അഭിമാനത്തിന്റെയും ചിഹ്നമായി അതിനെ മാറ്റിയെടുക്കാനും ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ.

✪✪✪

ഈ വർഷത്തെ വയലാർ അവാർഡിന് E. സന്തോഷ്കുമാർ അർഹനായി. “തപോമയിയുടെ അച്ഛൻ” എന്ന നോവലിനാണ് അവാർഡ്. വയലാർ രാമവർമ്മയുടെ ചരമദിനമായ ഈ മാസം 27ന് അവാർഡ് സമ്മാനിക്കും.

✪✪✪

എലത്തൂർ നിയോജകമണ്ഡല പരാതി പരിഹാര അദാലത്തിൽ 453 പരാതികൾ തീർപ്പാക്കിയതായി മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. 908 പരാതികളാണ് ആകെ ലഭിച്ചത്.

✪✪✪

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആരംഭിച്ച തീവ്രയജ്ഞ പരിപാടിയുടെ രണ്ടാം ഘട്ടം ഇന്ന് അവസാനിക്കും. കണ്ണൂർ ജില്ലയിൽ ഇതുവരെ ലഭിച്ച പരാതികളിൽ 290 എണ്ണം തീർപ്പാക്കി.

✪✪✪

വെള്ളിയാഴ്ച അന്തരിച്ച മുതിർന്ന മാധ്യമ പ്രവർത്തകനും, എഴുത്തുകാരനുമായ T J S ജോർജിന്റെ സംസ്കാരം ഉച്ചകഴിഞ്ഞ് ബംഗലൂരുവിലെ ഹെബ്ബാൾ ശ്മശാ നത്തിൽ കർണാടക ഗവണ്മെന്റിന്റെ ഔദ്യോഗിക ബഹുമതി കളോടെ നടത്തും. 1.30 മുതൽ 2.30 വരെ ഭൗതിക ശരീരം ഹെബ്ബാൾ ശ്മശാനത്തിൽ പൊതുദർശനത്തിനു വെയ്ക്കും.

✪✪✪

മാഹി സെന്റ് തെരേസാ ബസിലിക്കയിലെ വിശുദ്ധ അമ്മ ത്രേസ്യയുടെ തിരുനാളിന് കോടിയേറി. റെക്ടർ ഫാ. സെബാസ്റ്റ്യൻ കാരക്കാട്ടിലിന്റെ മുഖ്യ കാർമികത്വത്തിലാണ് കൊടിയേറ്റം നടന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി KO ശശിധരൻ.

..........വോയ്സ്...

അൾ ത്താരയിലെ രഹസ്യ അറയിൽ നിന്ന് വിശുദ്ധ അമ്മത്രേസ്യായു ടെ തിരുസ്വരൂപം പൊതുവണ ക്കത്തിനായി ദേവാലയത്തിനക ത്ത് പ്രതിഷ്ഠിക്കുന്നത്തോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമാവുക.

രാവിലെ ദിവ്യബ ലിയർപ്പിച്ചു.. വൈകിട്ട് ഡോ. ഫാ. ജെറോം ചിങ്ങന്തറയുടെ കാർമികത്വത്തിൽ ആഘോഷമായ ദിവ്യബലി നടക്കും.

ഈ മാസം. 12-ന് . വൈകിട്ട് കണ്ണൂർ രൂപതാമെത്രാൻ ഡോ. അലക്സ് വടക്കുംതലയുടെ കാർമികത്വ ത്തിൽ ആഘോഷമായ ദിവ്യബ ലി അർപ്പിക്കും. തിരുനാൾ ജാഗരത്തിൽ  നടക്കുന്ന ആഘോഷമായ ദിവ്യബലിക്ക് കോഴിക്കോട് അതിരൂപതാ വികാരി ജനറൽ ജെൻസൻ പു ത്തൻവീട്ടിൽ കാർമികത്വം വഹിക്കും. തുടർന്ന് അമ്മ ത്രേസ്യായുടെ തിരുസ്വരൂപം വഹിച്ചുള്ള നഗരപ്രദക്ഷിണം നടക്കും. 15-ന് പുലർച്ചെ ഒന്നുമുതൽ ആറുവരെ ശയനപ്രദക്ഷിണം  നടക്കും.

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഉച്ചകഴിഞ്ഞ് ഇന്ത്യ, പാകിസ്ഥാനെ നേരിടും. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻസമയം മൂന്നിന് മത്സരം ആരംഭിക്കും. ടൂർണമെന്റിലെ ആദ്യമത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ തോൽപ്പിച്ചിരുന്നു.

✪✪✪

2025 ലെ ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ  ഇന്ന് ന്യൂഡൽഹിയിൽ സമാപിക്കും. ഇന്നലെ ഇന്ത്യ മൂന്ന് മെഡലുകൾ നേടി. ഇതോടെ, ആറ് സ്വർണ്ണവും ഏഴ് വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പെടെ രാജ്യത്തിന്റെ ആകെ മെഡലുകളുടെ എണ്ണം 18 ആയി.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിന്റെ രണ്ടാം സീസണിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും, കണ്ണൂർ വാരിയേഴ്സ് FC യും ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

വനിതാ ബ്ലൈൻഡ് ഫുട്ബോൾ ലോകകപ്പ് കാക്കനാട് യുണൈറ്റഡ് സ്പോർട്സ് സെന്ററിൽ ഇന്നുമുതൽ.  ഇന്ത്യയും  ബ്രസീലും തമ്മിലാണ് ഉദ്ഘാടന  മത്സരം.

ഇന്ത്യൻ  ബ്ലൈൻഡ്  ഫുട്ബോൾ ഫെഡറേഷനാണ് ഈ  മാസം  11 വരെ മത്സരം സംഘടിപ്പിക്കുന്നത്. ഇന്ത്യ, ബ്രസീൽ, അർജന്റീന,  ഇംഗ്ലണ്ട്, പോളണ്ട്, തുർക്കി, കാനഡ, ജപ്പാൻ എന്നീ  രാജ്യങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.

✪✪✪

ദേശീയ ഇന്റർ കയാക്കിങ് ആൻഡ് കനോയിങ് ചാമ്പ്യൻഷിപ്പിന് നാളെ ആലപ്പുഴയിൽ തുടക്കമാകും. രാവിലെ സായി നാഷണൽ സെന്റർ ഓഫ് എക്സലൻസിൽ അർജുന അവാർഡ് ജേതാവ് PJ ജോസഫ് മത്സരം ഫ്ലാഗ് ഓഫ് ചെയ്യും. പുന്നമടക്കായലിൽ ഈ മാസം ഒൻപത് വരെയാണ് മത്സരം.

✪✪✪

കണ്ണൂർ ജില്ലാ യോഗ അസോസിയേഷന്റെ നേതൃത്വത്തിൽ ജില്ലാ യോഗാസന ചാമ്പ്യൻഷിപ്പ് കണ്ണൂർ മഹാത്മാ മന്ദിരത്തിൽ ആരംഭിച്ചു. ഡെപ്യൂട്ടി മേയർ P ഇന്ദിര ഉദ്ഘാടനം ചെയ്തു. യോഗ മത്സരത്തിന് പുറമെ സൂര്യനമസ്കാര മത്സരം, യോഗ ക്വിസ് എന്നിവയും നടക്കുന്നുണ്ട്.

✪✪✪

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് ശേഷം മാതൃ ക്ഷേത്രങ്ങളിലേക്ക് നവരാത്രി വിഗ്രഹങ്ങളുടെ മടക്ക യാത്ര തുടരുന്നു. ഇന്നലെ രാവിലെ 8 മണിയോടെയാണ് തിരുവനന്തപുരത്ത് നിന്ന് നവരാത്രി വിഗ്രഹങ്ങളുടെ മടക്ക യാത്ര ആരംഭിച്ചത്.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് റെജു കോലിയക്കോട് ......

(വോയ്സ് )

ആചാരപരമായ ചടങ്ങുകൾക്ക് ശേഷം ഇന്നലെ തിരുവനന്തപുരത്ത് നിന്നും പുറപ്പെട്ട നവരാത്രി വിഗ്രഹങ്ങൾ നെയ്യാറ്റിൻകരയിലെ വിശ്രമത്തിന് ശേഷം ഇന്ന് രാവിലെ മടക്കയാത്ര തുടർന്നു.

ഇന്ന് കുഴിത്തുറ മഹാദേവ ക്ഷേത്രത്തിൽ വിശ്രമിച്ച ശേഷം നാളെ വൈകുന്നേരം പത്മനാഭപുരത്ത് എത്തും.

ഹോമപ്പുര കുളത്തിലെ ആറാട്ടിന് ശേഷം നാളെ സരസ്വതി ദേവിയെ തേവാരക്കെട്ടിൽ പൂജയ്ക്കിരുത്തും.കുമാരസ്വാമി വിഗ്രഹത്തെ നാളെ വൈകുന്നേരം വേളിമലയിലേക്ക് എഴുന്നള്ളിക്കും. കൽകുളം നീലകണ്ഠ സ്വാമി ക്ഷേത്രത്തിൽ പൂജക്കിരുത്തുന്ന മുന്നൂറ്റി നങ്ക വിഗ്രഹത്തെ ചൊവ്വാഴ്ച ശുചീന്ദ്രത്തേക്ക് എഴുന്നള്ളിക്കുന്നതോടെ നവരാത്രി വിഗ്രഹങ്ങളുടെ മടക്ക യാത്ര സമാപിക്കും.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ശബരിമലയിലെ സ്വർണപ്പാളി വിവാദത്തിൽ ചോദ്യം ചെയ്യലിനായി ഉണ്ണികൃഷ്ണൻ പോറ്റി വീണ്ടും തിരുവനന്തപുരത്തെ ദേവസ്വം ബോർഡ് ആസ്ഥാനത്തെത്തി.

ദേവസ്വം വിജിലൻസ് SP-യുടെ നേതൃത്വത്തിലാണ് ചോദ്യം ചെയ്യുന്നത്. പോറ്റിയുടെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച കാര്യങ്ങളിൽ ഇന്ന് ചോദ്യം ചെയ്യലുണ്ടാകുമെന്നാണ് സൂചന.

കൂടാതെ ഉണ്ണികൃഷ്ണൻ പോറ്റിയുടെ സാമ്പത്തിക ഇടപാടുകളും വിജിലൻസ് പരിശോധിക്കും. ഇന്നലെ ഉണ്ണികൃഷ്ണൻ പോറ്റിയെ നാല് മണിക്കൂറോളം ചോദ്യം ചെയ്തിരുന്നു.

എന്നാൽ ഇന്നലെ നൽകിയ മൊഴികളിൽ പൊരുത്തക്കേട് വ്യക്തമായതോടെയാണ് ഇന്ന് വീണ്ടും പോറ്റിയെ ദേവസ്വം വിജിലൻസ് ചോദ്യം ചെയ്യുന്നത്.

✪✪✪

തൃശൂർ തൃപ്രയാർ ബാലചന്ദ്രൻ വടക്കേടത്ത് സ്മാരക പ്രഥമ സാഹിത്യ നിരൂപക പുരസ്കാരം ഡോക്ടർ V രാജകൃഷ്ണന് സമ്മാനിക്കും. 50,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ഒക്ടോബർ 19ന് സാഹിത്യ അക്കാദമി ഹാളിലെ ചടങ്ങിൽ പ്രതിപക്ഷ നേതാവ് VD സതീശൻ പുരസ്കാരം സമ്മാനിക്കും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*